# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2154 — 18.03.2015- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി.ദിവാകരൻ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; അത് പ്രകാരം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്? | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ പുനരുദ്ധരിക്കുന്ന വിഷയം നിലവിലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് തുകയുടെ 65% ധന സഹായം നൽകി വരുന്നുണ്ട്. ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായാണ് ധനസഹായം അനുവദിക്കുന്നത്. കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്കാവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് കൂടാതെ കാർഷികോത്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനവും ലഭിക്കുന്നു. കാർഷികാവശ്യത്തിനായി സ്വർണപ്പണയ വായ്പ, മറ്റ് ഹ്രസ്വകാല കാർഷിക വായ്പ, പലിശ രഹിത കാർഷിക വായ്പ, സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്കും പ്രത്യേക പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയ സംഘങ്ങൾക്ക് വായ്പ നൽകി വരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭകരമാക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും കനത്ത നഷ്ടത്തിലുള്ള സംഘങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും സംഘങ്ങളെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനും, പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തദ്വാര മെച്ചപ്പെട്ട സേവനം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണത്തിന്റെ ഭാഗമായി കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**